# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 423 | 29.11.2018 - ൽ മറുപടിക്ക് |
|---|---|

### പെട്രോൾ ഡീസൽ വില വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ടി.ബൽറാം : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വിലയിൽ ദിനംപ്രതി ഉണ്ടാകുന്ന വർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയെന്നത് വസ്തുതയാണോ; | (എ) | പെട്രോൾ, ഡീസൽ വില വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വില വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. |
| (ബി) | പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ കേന്ദ്ര സർക്കാർ ലിറ്ററിന് 1.50 രൂപ വീതം കുറയ്ക്കുകയും, എണ്ണകമ്പനികളോട് ലിറ്ററിന് ഒരു രൂപ വീതം കുറയ്ക്കാൻ ഒക്ടോബറിൽ നിർദ്ദേശിക്കുകയും സംസ്ഥാന സർക്കാരുകളോട് നികുതി കുറയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നോ; | (ബി) | ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുടെ 04.10.2018-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് പത്തോളം സംസ്ഥാന സർക്കാരുകൾ പെട്രോളിന്റെയും ഡീസലിന്റെയും നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകിയപ്പോൾ കേരള സർക്കാർ അപ്രകാരം നികുതി കുറയ്ക്കില്ലായെന്ന് പ്രഖ്യാപിച്ചത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വിലയിൽ ദിനംപ്രതി വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ സാധാരണ ജനങ്ങളെ സഹായിക്കുന്നതിന് വേണ്ടി സർക്കാർ 01.06.2018 മുതൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതിനിരക്ക് കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (SRO No. 345/18 തീയതി 31.05.2018). |

| | | | |
|---|---|---|---|
| (ഡി) | പെട്രോളിന്റെയും ഡീസലിന്റെയും വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ 2018 ൽ വില്പന നികുതിയിനത്തിൽ സർക്കാരിന് എത്ര കോടി രൂപ അധികമായി ലഭിച്ചു എന്ന് അറിയിക്കാമോ? | (ഡി) | 2018-ൽ പെട്രോളിന്റെ വില്പന നികുതിയിനത്തിൽ ഏറ്റവും പുതിയ കണക്ക് പ്രകാരം 114.57 കോടി രൂപയും ഡീസലിന്റെ വില്പന നികുതിയിനത്തിൽ 128.45 കോടി രൂപയും അധികമായി ലഭിച്ചു. |

സെക്ഷൻ ഓഫീസർ